# Deepika
# 12 July 2018
# Idukki, Cheruthoni, Heavy Rain

# ഇടുക്കിയിൽ കനത്ത മഴ തുടരുന്നു

● അണക്കെട്ടിൽ സംഭരണശേഷിയുടെ 52.94 ശതമാനം വെള്ളം



**ചെറുതോണി:** കനത്ത മഴയിൽ ജില്ലയിലെ അണക്കെട്ടുകളിൽ ജലനിരപ്പ് ഉയരുന്നു. സംസ്ഥാനത്തെ പ്രധാന ജലവൈദ്യുത പദ്ധതിയായ ഇടുക്കിയിൽ അണക്കെട്ടിന്റെ പരമാവധി സംഭരണശേഷിയുടെ 52.94 ശതമാനം വെള്ളം നിറഞ്ഞു. ഇന്നലെ രാവിലെ ഏഴിന് അവസാനിച്ച 24 മണിക്കൂറിനിടെ പദ്ധതി പ്രദേശത്തു ലഭിച്ചത് 94 മില്ലിമീറ്റർ മഴയാണ്.

അണക്കെട്ടിലേക്കുള്ള നീരൊഴുക്കും വർധിച്ചു. ഇന്നലെ ഒഴുകിഎത്തിയത് 50.916 ദശലക്ഷം യൂണിറ്റ് വെള്ളമാണ്. സമുദ്രനിരപ്പിൽനിന്ന് 2358.42 അടിയാണ് അണക്കെട്ടിലെ ജലനിരപ്പ്. 2408.50 അടി ജലമാണ് അണക്കെട്ടിൽ പരമാവധി സംഭരിക്കാവുന്നത്. 2,403 അടിയായാൽ ചെറുതോണി അണക്കെട്ടിലെ ഷട്ടറുകൾ തുറന്നുവിടും. അണക്കെട്ട് നിർമിച്ചശേഷം രണ്ടുതവണ മാത്രമേ ഷട്ടറുയർത്തി വെള്ളം തുറന്നുവിട്ടിട്ടുള്ളൂ.

ജൂൺ ഒന്നിന് ആരംഭിച്ച മൺസൂണിൽ ഇന്നലെ വരെ 1245.2 മില്ലിമീറ്റർ മഴ ലഭിച്ചു. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 767.4 മില്ലിമീറ്റർ മഴയായിരുന്നു ലഭിച്ചിരുന്നത്. ഈ വർഷം ജൂലൈ ഒന്നുമുതൽ 11 വരെ 381.4 മില്ലിമീറ്റർ മഴയും ലഭിച്ചു. കഴിഞ്ഞ വർഷത്തേക്കാൾ 42.44 അടി ജലം ഈ വർഷം ഇതുവരെ അധികമായുണ്ട്. കഴിഞ്ഞ വർഷം ഇതേദിവസം 20.3 ശതമാനം വെള്ളമായിരുന്നു അണക്കെട്ടിലുണ്ടായിരുന്നത്. ജലനിരപ്പുയർന്നതോടെ വൈദ്യുതോത്പാദനവും വർധിപ്പിച്ചു. ഇന്നലെ 44.98 ലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിച്ചത്.